




# അക്കാദമിക മാസ്റ്റർ പ്ലാൻ

2025-26

ജി.എം.എൽ.പി സ്കൂൾ
ചെറുവന്നൂർ



# ആമുഖം

1930 ലാണ് അമ്മ സ്കൂൾ എന്നറിയപ്പെടുന്ന ജി എം എൽ.പി സ്കൂൾ ചെറവന്നൂർ എന്ന വിദ്യാലയം സ്ഥാപിതമായത് 1930 ൽ പ്രദേശത്തെ മുസ്ലിം സ്ത്രീകളുടെ വിദ്യാഭ്യാസത്തിനു ഓത്തുപള്ളി യായി രൂപം കൊണ്ട് ഈ വിദ്യാലയത്തിൽ അഡ്മിഷൻ നമ്പർ ഒന്നായി കറിയാരുക്കുട്ടി ചേർന്നു. മലബാർ കലാപത്തിനു ശേഷം സ്ത്രീ വിദ്യാഭ്യാസത്തിനു പ്രാധാന്യം നൽകുക എന്ന ഉദ്ദേശ്യത്തോടു കൂടിയാണ് ഈ വിദ്യാലയം സ്ഥാപിതമായത്. അക്കാലത്ത് സ്വന്തം സ്ഥലമുള്ളവർക്ക് സർക്കാർ പ്രോത്സാഹനം നൽകിയിരുന്നു. ചെറവന്നൂരിലെ പ്രമുഖ കുടുംബമായിരുന്ന തട്ടാൻ തൊടുക്കാരായ കുഞ്ഞി മൊയ്തീൻ സ്ഥാപിച്ച സ്ക്കൂളാണിത്. ഒന്നര ഏക്കറോളം വരുന്ന സ്ഥലവും കെട്ടിട വും മലബാർ ഡിസ്ട്രിക്ട് ബോർഡ് അംഗീകരിച്ചു 1990 കാലഘട്ടത്തിൽ സ്കൂൾ സംരക്ഷണ സമിതിയുടെ മൂന്ന് വർഷം നീണ്ട സമരപ്രവർത്തനങ്ങളുടെ ഫലമായി സ്ഥലവും കെട്ടിടവും ഗവൺമെന്റ് ഏറ്റെടുത്തു.

പടവുകൾ താണ്ടി 2002ൽ വിദ്യാലയത്തിൽ കമ്പ്യൂട്ടർ ലാബ് സ്ഥാപിച്ചു. ലാബിന്റെ പൂർത്തീകരണം 2016ൽ ബഹുമാനപ്പെട്ട എം.എൽ. എ ഇ.ടി മുഹമ്മദ് ബഷീർ സാഹിബിന്റെ ഫണ്ടിൽ നിന്നും പൂർത്തിയാക്കി. ക്ലാസ്മുറി പരിമിതികൾക്കുള്ളിൽ നിന്നും വീർപ്പുമുട്ടിയ സമയത്ത് 2015ൽ എം.എൽ എ ശ്രീ.സി മമ്മൂട്ടിയുടെ ഫണ്ടിൽനിന്നും 28 ലക്ഷം രൂപ ചെലവിൽ പുതിയ കെട്ടിടത്തിന്റെ പണി പൂർത്തിയാക്കി. പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി നമ്മുടെ സ്കൂളിനെ ഹൈടെക്കായി ഉയർത്തുകയും പുതിയ രണ്ട് കെട്ടിടങ്ങളും, അടുക്കളയും, ഭക്ഷണശാലയും പൂർത്തിയാക്കി. ഇതിനായി നമ്മുടെ ഗവൺമെന്റ് 1 കോടി 63 ലക്ഷം ചെലവഴിച്ചു. ഇതോടൊപ്പം തന്നെ

OSA യുടെ ശ്രമഫലമായി സ്കൂളിന്റെ മുഖഛായ തന്നെമാറ്റിയ ഗേറ്റിന്റെ പണിയും പൂർത്തിയാക്കി. ഇതിനോട് കൂട്ടിച്ചേർത്ത് വളവന്നൂർ പഞ്ചായത്തും നമുക്ക് ഒരു മെയിൻ ഗേറ്റ് പണി കഴിപ്പിച്ചുതന്നു. 2022 മാർച്ചിൽ ശ്രീ കുറുക്കോളി മൊയ്തീൻ എം. എൽ. എ സ്കൂൾ ഗ്രൗണ്ടിനായി 10 ലക്ഷം രൂപ അനുവദിച്ചു തന്നു.ഗ്രൗണ്ട് നവീകരണത്തിലൂടെ ഗാലറി നിർമ്മിച്ചതും സ്കൂളിന്റെ നേട്ടങ്ങളിൽ എടുത്തു പറയാവുന്നതാണ്. വളവന്നൂർ പഞ്ചായത്തിന്റെ ഫണ്ടിൽ നിന്നും പ്രീപ്രൈമറി കുട്ടികൾക്കായി വിവിധ കളിപ്പാട്ടങ്ങളും ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് കുടിവെള്ള ഫിൽറ്ററും സ്കൂളിന് ലഭിച്ചു. കേരള സർക്കാരിന്റെ സ്റ്റാർസ് പദ്ധതി പ്രകാരം പ്രി പ്രൈമറി കുട്ടികളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് എത്തിക്കുന്നതിനായി താനൂർ സബ് ജില്ലയിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട നാലു വിദ്യാലയങ്ങളിൽ ഒന്നായി നമ്മുടെ സ്കൂളിനും 10 ലക്ഷം രൂപ അനുവദിച്ചു. കുട്ടികളുടെ 13 ശേഷികളെ മുൻനിർത്തിക്കൊണ്ട് അകത്തും പുറത്തും കളിയിടങ്ങൾ ഒരുക്കിയും കണ്ടും കേട്ടും അനുഭവിച്ചറിയുന്നതിനുള്ള പഠന പ്രവർത്തനങ്ങൾക്കുള്ള പഠന മൂലകളും ഒരുക്കാൻ സാധിച്ചു.വ്യത്യസ്ത തലമുറയിൽ പെട്ട പതിനായിരങ്ങൾക്ക് അറിവിന്റെ വെളിച്ചം പകരാൻ സാധിച്ച് അതിന്റെ പൂർണ്ണതയിലേക്ക് കുതിക്കുകയാണ് ചെറുവന്നൂർ ജി.എം.എൽ. പി. സ്കൂൾ...

# വാർഷിക പദ്ധതി

വളവന്നൂർ പഞ്ചായത്തിലെ മികച്ചു നിൽക്കുന്ന ഒരു LP വിദ്യാലയമാണിത്. ഒന്ന് മുതൽ നാലു വരെ 271 കുട്ടികൾ ഈ വിദ്യാലയത്തിൽ പഠിക്കുന്നു. കൂടാതെ പ്രി പ്രൈമറി വിഭാഗത്തിൽ 114 കുട്ടികളും പഠിക്കുന്നു. ഓഫീസ് കെട്ടിടത്തിന്റെയും പുതിയ കെട്ടിടത്തിന്റെയും ഇടയിൽ മുകളിൽ ഷീറ്റിട്ടാൽ ഒരു ഓപ്പൺ ഓഡിറ്റോറിയം ആക്കി മാറ്റാൻ കഴിയും. അതു കുട്ടികൾക്ക് ഏത് കാലാവസ്ഥയിലും പരിപാടികൾ നടത്താനും ക്ലാസ് റൂമിന് പുറത്തുള്ള പ്രവർത്തനങ്ങൾക്കും ഉപയോഗപ്പെടുത്താൻ സാധിക്കും . ഇന്ന് നമുക്ക് പ്രി പ്രൈമറിക്ക് ആവശ്യമായ ഒരു കെട്ടിടം മാത്രമേ നിലവിലുള്ളൂ കുട്ടികളുടെ എണ്ണം കൂടുന്ന സാഹചര്യത്തിൽ പ്രി പ്രൈമറിക്ക് ഇനിയും കെട്ടിടം ആവശ്യമാണ് ഇത്തരം സൗകര്യങ്ങൾ ഒരുക്കിയാൽ മാത്രമേ നമ്മുടെ സ്കൂളിനെ മികച്ച നിലവാരത്തിലേക്ക് ഉയർത്താൻ കഴിയുകയുള്ളൂ

ഈ വർഷത്തെ തനത് പ്രവർത്തനം എന്ന രീതിയിൽ സ്കൂൾ ഏറ്റെടുത്ത രണ്ട് പ്രവർത്തനങ്ങളാണ് മലയാള അക്ഷരങ്ങൾ എല്ലാ കുട്ടികൾക്കും എഴുതാനും വായിക്കാനും ഉള്ള ശേഷി ഉറപ്പിക്കാൻ "ചങ്ങാതി" പദ്ധതി.

കുട്ടികളുടെ വായനശേഷി മെച്ചപ്പെടുത്താനായി സ്കൂൾ ലൈബ്രറി /വായനാ മുറി ഒരുക്കൽ, അതിനായി ഒരു പീരിയഡ് മാറിവെച്ചു

ഇംഗ്ലീഷ് പഠനത്തിൽ കുട്ടികളുടെ ശ്രദ്ധയും താല്പര്യവും വർധിപ്പിക്കാൻ **BRAINY BUDS ENGLISH LEARNING PROGRAM.**

# 2025-26 ആറാം പ്രവർത്തി ദിന കണക്കനുസരിച്ച് കുട്ടികളുടെ എണ്ണം

| ക്ലാസ്സ് | ആൺ | പെൺ | ആകെ |
|---|---|---|---|
| STD 1 | 34 | 38 | 72 |
| STD2 | 21 | 39 | 60 |
| STD 3 | 39 | 34 | 73 |
| STD 4 | 37 | 29 | 66 |
| TOTAL | 131 | 140 | 271 |
| പ്രീ പ്രൈമറി | 66 | 48 | 114 |
| ആകെ കുട്ടികൾ | 197 | 188 | 385 |

2025 - 2026

# അക്കാദ-
# മിക
# മാസ്റ്റർ
# പ്ലാൻ

ക്ലാസ് 1

മലയാളം

# ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്രവികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വെക്കുന്നത്. എഴുത്ത് വായന വിവിധ വ്യവഹാരരൂപങ്ങൾ സ്വതന്ത്രമായ പ്രതികരണങ്ങൾ ശിൽപശാല സംയുക്ത ഡയറി സചിത്ര പുസ്തകം സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടത് ആയിട്ടുണ്ട്. അക്കാദമിക നേട്ടം കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കുട്ടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്.

## ലക്ഷ്യങ്ങൾ

1 ഒന്നാം ക്ലാസിലെ എല്ലാകുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.

2. എല്ലാകുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ /കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.

3. സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘു വാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കാനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക.

4. ലളിതമായ വായനാകാർഡ് വായിക്കുന്നു നിർമ്മിക്കുന്നു.

5. ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘു കവിതകൾ ചെറുകഥകൾ എഴുതുന്നു.

6. ചെറുകഥാ പുസ്തകം രൂപപ്പെടുത്തുന്നു.

## പ്രവർത്തന ലക്ഷ്യങ്ങൾ

* ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.

* സർഗ്ഗശേഷി കൈവരിക്കുന്നു.

* പാഠങ്ങ് റീഡേഴ്സ് തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു.

## ഉത്പന്നം

* [redacted], സചിത്ര ആസൂത്രണം അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ

* സചിത്രഡയറി സംയുക്തഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു.

* അക്കാദമിക മാസ്റ്റർ പ്ലാൻ അവതരണം

* ചിത്രകാർഡ് വായനാകാർഡ് നിർമ്മാണശിൽപശാല

* താളാത്മകമായ ചെറു കവിതകൾ ചൊല്ലൽ.

ജൂലൈ

* സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ
* കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ
* വായനാമൂല ക്ലാസ് ലൈബ്രറി ഒരുക്കൽ
* രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു.
* ചെറിയ കഥ കേൾക്കാൻ അവസരം നൽകുന്നു
* അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരം ഉറപ്പിക്കുന്നു.
* ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.

ഓഗസ്റ്റ്.

* ടീച്ചേഴ്സ് തിയേറ്റർ, ശില്പശാല പാഠങ്ങൾ
* ഭാഷാ വികസനത്തിന് അവസരം.
* സംയുക്ത ഡയറി എഴുത്ത് തുടരുന്നു
* രചനോത്സവത്തിൽ കുട്ടികൾ സ്വതന്ത്ര രചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു.
* ഭാവാത്മക വായനയ്ക്ക് കുട്ടികളെ നയിക്കുന്നു.

## സെപ്റ്റംബർ

* സംയുക്ത ഡയറി മെച്ചപ്പെടുത്തൽ
* സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കൽ
* വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു
* കുട്ടികൾ സ്വതന്ത്ര രചനയും വായനക്കാരുമായി മാറുന്നു.

## ഒക്ടോബർ

* വായനോത്സവം സംഘടിപ്പിക്കുന്നു
* ആസ്വാദ്യകരമായ വായന നടത്തുന്നു
* ചിത്ര വായനയ്ക്ക് അവസരം നൽകുന്നു
* രചനോത്സവത്തിന്റെ ഭാഗമായ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു
* ഭിന്നനിലവാരക്കാരെ പരിഗണിച്ച് ഭാഷ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടത്തുന്നു.

## നവംബർ.

* സംയുക്ത ഡയറി സ്വതന്ത്ര രചനകളാകുന്നു.
* കൂട്ടവായന. വിട്ടുവായന ചിത്രവായ

എന്നിവയെ പ്രോത്സാഹിപ്പിക്കുന്നു.

* വായനോത്സവം തുടങ്ങുന്നു
* രചനോത്സവം
* പത്രവായനയ്ക്ക് അവസരം

## ഡിസംബർ

* രചന ശേഷി പരിപോഷിപ്പിക്കൽ
* ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു.
* ലഘു കവിത കഥ എഴുതാൻ ശ്രമിക്കുന്നു
* പരസ്പരം പിന്തുണ ഉറപ്പിച്ച് കൂട്ടെഴുത്ത് പരിപോഷിപ്പിക്കുന്നു.
* സംയുക്ത ഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു

## ജനുവരി

* കുട്ടികളെ എഴുത്തിന്റെ ലോകത്ത് എത്തിക്കുന്നതിനായുള്ള ലഘു രചന ശില്പശാലകൾ നടത്തുന്നു.

* കുട്ടികൾ എഴുതിയ ചെറുകവിതകൾ കഥകൾ എന്നിവയുടെ പ്രകാശനം

* ആത്മ വിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.

* സ്വതന്ത്ര രചനകൾ പുസ്തക രൂപത്തിൽ പ്രകാശനം
* മികവുകൾ സമൂഹത്തിനു മുൻപിൽ പ്രദർശിപ്പിക്കുന്നു.

ഫെബ്രുവരി

* ഭാഷോത്സവം രചനോത്സവം എന്നീ ഭാഷാപ്രവർത്തനങ്ങൾ ജന പങ്കാളിത്തത്തിൽ നടപ്പിലാക്കുന്നു

* കുട്ടികളുടെ രചന മാസികയാക്കുന്നു.
* ആശയ പൂർണ്ണതയോടെ തത്സമയ രചനകൾ നടത്തുന്നു

*

മാർച്ച്

* കുട്ടികൾ തയ്യാറാക്കിയ കഥകൾ കവിതകൾ പുസ്തക രൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു.

* വീട്ടുവായന, കൂട്ടുവായന, നാട്ടുവായന ചങ്ങലവായന സ്വതന്ത്രവായന ഇവയ്ക്ക് പ്രോത്സാഹനം ഒരുക്കുന്നു.

## വിലയിരുത്തൽ പ്രവർത്തനങ്ങൾ

* കുട്ടികൾ സ്വതന്ത്ര രചയിതാക്കളായി മാറിയിട്ടുണ്ട്

* കുട്ടികളുടെ മികച്ച രചനകളെ വായനാകാർഡുകളായി മാറ്റിയിട്ടുണ്ട്.

* കുട്ടികളുടെ രചനകൾ ചേർത്ത് കുഞ്ഞെഴുത്ത് പുസ്തകം തയ്യാറാക്കുന്നു

* എല്ലാ കുട്ടികളുടെയും സചിത്ര പാഠപുസ്തകത്തിൽ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്.

# English

The goal for the first grader is to handle English fluently. The first grader must go from small words to big words. They must be able to read, write and speak English. Every child should be able to speak English fluently, like malayalam.

The academic master plan is designed to ensure that not a single child goes illiterate Objective and learning outcomes

- Respond to simple instruction in the class
- Describe orally about the pictures and objects.
- Familiarise with simple words.
- Enjoy songs and sings them with Rhythm and action.
- Familiarise the name of birds, animals their youngones and identifies them from pictures.

June

- Introduce symbol words.
- Provides picture card.
- Pre test
- To develop listerning skills and reading

skills first.
Listening skills.
Games, Action songs Hellow English activities
Conversation

## July

- Identify familiar words
- Say familiar words.
- Read familiar words
- Write familiar words

## August

- Enjoy Songs and Sings them with Rhythum and action.
- Describes Orally about pictur- and objects Using adjectives.

## September

- Read and write simple words and simple sentences
- Provide picture Cards and reading Cards.

## October

- Introduce Sym~~bol~~ple picture description
- Make word chain, sentence chain

- Make reddles
- Describing words, rhyming words.
- Text book activities

## November

- Prepare reading Cards.
- Provide more opportunities to read right and speak English
- Write five English words daily

## December

- Read and Understand Simple instructions in the classroom.
- Encourage degital reading.

## January

- Enjoy Songs and Sings them with Rhythm and action
- Make picture albums.
- Collect picture of animals and its young ones.

February

- Provide the opportuntly to express myself in the class room.
- English assembly once in a week.

March

- Speaks English fluently.
- Read and write simple sentences
- Picture reading and picture description

2025 - 2026

# അക്കാദമിക മാസ്റ്റർ പ്ലാൻ

ക്ലാസ് 1

ഗണിതം

# ആമുഖം

ഗണിതം ജീവിതത്തിൽ ഒഴിച്ചുകൂടാൻ പറ്റാത്തതാണ്. ഭാഷയിലും ശാസ്ത്രത്തിലും മറ്റ് ഇതര പ്രവർത്തനങ്ങളിലും അവബോധം നേരിടുമ്പോൾ ഗണിതം പിന്തള്ളി പോകാതെ മുഖ്യധാരയിൽ എത്തിക്കുന്നതിന് ശ്രമിക്കേണ്ടതാണ് ഇതിനായി ഒന്നാം ക്ലാസിൽ നിന്ന് തന്നെ ലളിത പ്രവർത്തനങ്ങൾ രസകരമാക്കാവുന്നതാണ്. പാട്ടുകളിലൂടെയും കളികളിലൂടെയും ഗണിതം ആസ്വാദ്യകരമാക്കാവുന്നതാണ്.

## ലക്ഷ്യങ്ങൾ

* ഒന്നു മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു.
* അഞ്ചു വരെയുള്ള എണ്ണത്തെ പകുതി തുല്യം കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
* അഞ്ചുവരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.

* ഒരക്ക സംഖ്യകൾ എണ്ണി എടുക്കുന്നു എഴുതുന്നു വായിക്കുന്നു.

* ~~ഒരക്ക~~ ഒമ്പതിൽ താഴെ വരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.

* സംഖ്യകളെ ആരോഹണ അവരോഹണ ക്രമത്തിൽ അടുക്കുന്നു.
* രണ്ട് ഒരക്ക സംഖ്യകളുടെ സങ്കലനം
* രണ്ട് ഒരക്ക സംഖ്യകളുടെ വ്യവകലനം
* ഒരക്ക സംഖ്യകളുടെ വ്യാഖ്യാനം
* ഒന്നുമുതൽ ഇരുപത് വരെയുള്ള സംഖ്യകൾ എണ്ണാനും എഴുതാനും വായിക്കാനും ചെയ്യുന്നു.
* ഒരക്ക സംഖ്യാ പാറ്റേൺ രൂപീകരിക്കൽ
* ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യാനുള്ള കഴിവ് നേടുന്നു.

## ജൂൺ

* സംഖ്യകൾ തിരിച്ചറിയുന്നു പറയുന്നു.
* സംഖ്യാ കാർഡ് നിർമ്മിക്കൽ
*

## ജൂലൈ

* ഗണിത പഠനത്തിന് സഹായകമായ അത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതക്കിറ്റ് തയ്യാറാക്കുന്നു
* സംഖ്യാ കാർഡ് തയ്യാറാക്കുന്നു.

## ഓഗസ്റ്റ്

* ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
* കൂടുതൽ കുറവ് തിരിച്ചറിയുന്നു.
* ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നു.

## സെപ്റ്റംബർ

* സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ
* ഒരക്ക സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ
* ഒരക്ക സംഖ്യകൾ തമ്മിൽ വ്യവകലന ക്രിയകൾ നടത്തൽ
* ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്

## ജൂൺ

* സംഖ്യകൾ തിരിച്ചറിയുന്നു പറയുന്നു.
* സംഖ്യാ കാർഡ് നിർമ്മിക്കൽ
*

## ജൂലൈ

* ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതക്കിറ്റ് തയ്യാറാക്കുന്നു
* സംഖ്യാ കാർഡ് തയ്യാറാക്കുന്നു.

## ഓഗസ്റ്റ്

* ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
* കൂടുതൽ കുറവ് തിരിച്ചറിയുന്നു.
* ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നു.

## സെപ്റ്റംബർ

* സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ
* ഒറ്റ സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ
* ഒറ്റ സംഖ്യകൾ തമ്മിൽ വ്യവകലന ക്രിയകൾ നടത്തൽ
* ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്

## ഒക്ടോബർ

* ഒറ്റ സംഖ്യ ഇരട്ട സംഖ്യ തിരിച്ചറിയൽ
* ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റ സംഖ്യ ഇരട്ട സംഖ്യ എന്ന് തിരിച്ചറിവ്
* വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ
* ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ

## നവംബർ

* സംഖ്യാ ഗാനങ്ങൾ പാടുന്നു ശേഖരിക്കുന്നു.
* ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

*

## ഡിസംബർ

* സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതാൻ
* ഗണിത ആൽബം തയ്യാറാക്കൽ

## ജനുവരി

* ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു
* സങ്കലനവും വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു.
* ഒന്നു മുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.

## ഫെബ്രുവരി

* ഗണിത ആൽബം പിടിക്കയിൽ പ്രദർശിപ്പിക്കുന്നു.
* വില വിവരപ്പട്ടിക പ്രശ്ന വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## മാർച്ച്

* ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ കംപ്ലീറ്റ് ചെയ്യുന്നു
* ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നു.
* ഉല്ലാസ ഗണിതം പ്രവർത്തനങ്ങൾ
* സംഖ്യകളുടെ പകുതി തുല്യം എന്നിവ തിരിച്ചറിയുന്നു.